## വനിത - ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
## ( ഹാജർ: ഷീബ ജോർജ്ജ്, ഐ.എ.എസ്)

**ഉത്തരവ് നം ഇ1/17794/13/ഡബ്ല്യൂ.സി.ഡി** തിരുവനന്തപുരം, തീയതി: 12/06/2018

വിഷയം:- വനിത - ശിശു വികസന വകുപ്പ് - ജീവനക്കാര്യം - വനിത പ്രൊട്ടക്ഷൻ ഓഫീസർ - താൽക്കാലിക നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) സർക്കാർ കത്ത് നം എ1/252/2016/സാനീവ തീയതി 04/07/2017.

2) ജി.ഒ (പി) നം 77/2012/എസ്.ജെ.ഡി തീയതി 27/12/2012.

3) ഈ കാര്യാലയത്തിൽ നിന്നുള്ള 20/07/2017 ലെ മേൽ നം സർക്കുലർ.

4) 20-09-2017 ലെ ഇ11/17794/13 നം ലിസ്റ്റ്.

5) സർക്കാരിൽ നിന്നുള്ള 01/06/2018 ലെ എ1/249/17/സാനീവ നം കത്ത്.

വനിത - ശിശു വികസന വകുപ്പിൽ ഗാർഹിക പീഡന നിരോധന നിയമം നടപ്പിലാക്കുന്നതിനായി 14 ജില്ലകളിലായി അനുവദിക്കപ്പെട്ടിട്ടുള്ള വനിത പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം, വിരമിക്കൽ, ദീർഘനാൾ അവധി തുടങ്ങിയ കാരണങ്ങളാൽ 6 തസ്തികകൾ സ്ഥിരമായി ഒഴിഞ്ഞ് കിടക്കുകയാണ്. ഇത് പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനും അതനുസരിച്ചുള്ള മറ്റ് ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നതിനും വകുപ്പിന് ഒട്ടേറെ തടസ്സം സൃഷ്ടിക്കുന്നു. വനിത പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നതിന് നിലവിലെ സ്പെഷ്യൽ റൂളിലെ അപാകത പരിഹരിച്ച് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ആയതിന്റെ നടപടി ക്രമങ്ങൾ പൂർത്തിയാകുന്നതിന് ഇനിയും ഒരുപാട് സമയം എടുക്കുമെന്നതിനാൽ ഈ പ്രതിസന്ധി തീർത്തും താൽകാലിക സംവിധാനത്തിലൂടെ വകുപ്പിലെ ഇതര ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി പരിഹരിക്കുന്നതിന് വകുപ്പ് സർക്കാരിന്റെ അനുമതി അഭ്യർത്ഥിച്ചിരുന്നു.

അതനുസരിച്ച് വനിത - ശിശു വികസന വകുപ്പിലെ വനിത പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ നിലവിലുള്ള 6 ഒഴിവുകളിലേയ്ക്ക് കെ.എസ് & എസ്.എസ്.ആർ ഭാഗം 2 ചട്ടം 9 (എ) (1) പ്രകാരം താൽക്കാലിക നിയമനം നൽകുവാൻ പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിനായി പരാമർശം (2) പ്രകാരമുള്ള വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള വകുപ്പിലെ വനിത ജീവനക്കാരിൽ നിന്നും പരാമർശം (3) പ്രകാരം താൽക്കാലിക നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ വിവരിച്ച

തരത്തിലുള്ള താൽകാലിക നിയമനത്തിനായി 7 പേർ ഉൾപ്പെടുന്ന ഒരു ലിസ്റ്റ് പ്രസിദ്ധീകരിക്കുകയ് ചെയ്തിട്ടുണ്ട്.

പ്രസ്തുത ലിസ്റ്റിൽ ക്രമ നം. 1 മുതൽ 6 വരെ പേര് വിവരിക്കുന്ന ജീവനക്കാർ മേൽ സൂചിപ്പിച്ച പ്രകാരം നിലവിൽ ഒഴിഞ്ഞുകിടക്കുന്ന 6 വനിത പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് താൽകാലിക നിയമനത്തിന് യോഗ്യരാണ്.

| ക്രമ നമ്പർ | പേര്, തസ്തിക, കാര്യാലയം |
|---|---|
| 1 | ദീപ.എം.എസ്സ്, ജൂനിയർ സൂപ്രണ്ട്, ഐസിഡിഎസ് അടിമാലി അഡീഷണൽ. |
| 2 | ലേഖ.എസ്,<br>സിഡിപിഒ, ഐസിഡിഎസ് , പാമ്പാടി. |
| 3 | ലൈജു.വി.എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഐസിഡിഎസ് വാമനപുരം അഡീ.(വർക്കിംഗ് അറേഞ്ച്മെന്റ് ഇൻ നിർഭയ) |
| 4 | ത്രേസ്യാമ്മ ജോൺ, ജൂനിയർ സൂപ്രണ്ട്, ഐസിഡിഎസ് കഞ്ഞിക്കുഴി. |
| 5 | നിസ്സ.എ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഐസിഡിഎസ് ഇത്തിക്കര. |
| 6 | പ്രമീള.എ.എസ്, ഓഫീസ് അറ്റൻഡന്റ്, ഐസിഡിഎസ് മൂവാറ്റുപുഴ. |

മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ജീവനക്കാരെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള കാര്യാലയത്തിൽ കെ.എസ് & എസ്.എസ്.ആർ ഭാഗം 2 ചട്ടം 9 (എ) (1) പ്രകാരം വനിത പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, കാര്യാലയം | വനിത പ്രൊട്ടക്ഷൻ ഓഫീസറായി താൽകാലിക നിയമനം നൽകുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1. | ദീപ.എം.എസ്സ്,<br>ജൂനിയർ സൂപ്രണ്ട്,<br>ഐസിഡിഎസ് അടിമാലി അഡീഷണൽ. | വനിത പ്രൊട്ടക്ഷൻ ഓഫീസർ, എറണാകുളം. | |
| 2. | ലേഖ.എസ്,<br>സിഡിപിഒ, ഐസിഡിഎസ് , പാമ്പാടി. | വനിത പ്രൊട്ടക്ഷൻ ഓഫീസർ, തൃശ്ശൂർ. | പാമ്പാടി സിഡിപിഒയുടെ പൂർണ്ണ അധിക ചുമതല പാമ്പാടി പ്രോജക്ടിലെ സൂപ്പർവൈസർ ശ്രീമതി ജാസ്മിൻ.കെ നിർവ്വഹിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| 3. | ലൈജു.വി.എസ് ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഐസിഡിഎസ് വാമനപുരം അഡീ.(വർക്കിംഗ് അറേഞ്ച്മെന്റ് ഇൻ നിർഭയ) | വനിത പ്രൊട്ടക്ഷൻ ഓഫീസർ, പാലക്കാട്. | |
| 4. | ത്രേസ്യാമ്മ ജോൺ, ജൂനിയർ സൂപ്രണ്ട്, ഐസിഡിഎസ് കഞ്ഞിക്കുഴി. | വനിത പ്രൊട്ടക്ഷൻ ഓഫീസർ, മലപ്പുറം. | |
| 5. | നിസ്സ.എ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഐസിഡിഎസ് ഇത്തിക്കര. | വനിത പ്രൊട്ടക്ഷൻ ഓഫീസർ, വയനാട്. | |
| 6. | പ്രമീള.എ.എസ്, ഓഫീസ് അറ്റൻഡന്റ്, ഐസിഡിഎസ് മൂവാറ്റുപുഴ. | വനിത പ്രൊട്ടക്ഷൻ ഓഫീസർ, കാസർഗോഡ് | |

വനിത പ്രൊട്ടക്ഷൻ ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് ഭരണപരമായ ബുദ്ധിമുട്ടിന് കാരണമാകുന്ന സാഹചര്യത്തിലാണ് ഒരു stop gap arrangement എന്ന നിലയ്ക്ക് പ്രസ്തുത തസ്തികയിലേയ്ക്ക് കെ.എസ് & എസ്.എസ്.ആർ ഭാഗം 2 ചട്ടം 9 (എ) (1) പ്രകാരം യോഗ്യരായ വനിത ഉദ്യോഗസ്ഥരിൽ നിന്നും താൽകാലിക നിയമനം നടത്തുന്നതിന് തീരുമാനമെടുത്തത്. ഇപ്രകാരം നിലവിൽ താൽകാലിക നിയമനം നേടുന്നവരും വകുപ്പിൽ ഇപ്പോൾ ഇതര തസ്തികകളിൽ സ്ഥിരമായി ലീൻ ഉള്ളവരുമായ ജീവനക്കാർക്ക് ഭാവിയിൽ വനിത പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനോ സീനിയോറിറ്റിക്കോ പ്രത്യേക അവകാശമുന്നയിക്കാൻ യാതൊരുവിധ അർഹത ഉണ്ടായിരിക്കുന്നതല്ല.

മേൽ പറഞ്ഞ പ്രകാരമുള്ള താൽകാലിക നിയമനത്തിന്റെ ദൈർഘ്യം സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾക്കനുസൃതമായി ബൈട്രാൻസ്ഫർ മുഖേന യോഗ്യരായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതുവരെയോ അല്ലെങ്കിൽ അവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം നടത്തുന്നതുവരെയോ ഈ വിഷയത്തിൽ സർക്കാർ മറ്റൊരു ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെയോ മാത്രമായിരിക്കും.

കെ.എസ് & എസ്.എസ്.ആർ ഭാഗം 2 ചട്ടം 9 (എ) (V) ന്റെ താഴെയുള്ള പ്രൊവിസോ പ്രകാരം ചട്ടം 9 (എ) (1) അനുസരിച്ച് നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് അതാത് സമയത്തെ ശമ്പള നിർണ്ണയ ചട്ടങ്ങൾക്ക് അനുസൃതമായി ശമ്പള നിർണ്ണയത്തിനും തുടർന്നുള്ള ഇൻക്രിമെന്റുകൾക്കും അർഹതയുണ്ട്. താൽകാലിക നിയമനം ഉയർന്ന ശമ്പള സ്കെയിലിൽ നിന്നും

താഴ്ന്ന ശമ്പള സ്കെയിലിലേയ്ക്ക് ആണെങ്കിൽ കെ.എസ്.ആർ ഭാഗം 1 ചട്ടം 37(ബി) പ്രകാരം നിശ്ചയിക്കാവുന്നതാണ്. താഴ്ന്ന ശമ്പള സ്കെയിലിൽ നിന്നും ഉയർന്ന ശമ്പള സ്കെയിലിലേയ്ക്കുള്ള നിയമനം ആണെങ്കിൽ കെ.എസ്.ആർ ഭാഗം 1 ചട്ടം 28(എ) പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ട്. നിയമനം ഒരേ ശമ്പള സ്കെയിലിൽ ഉള്ളതാണെങ്കിൽ കെ.എസ്.ആർ ഭാഗം 1 ചട്ടം 30 പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനായിരിക്കും അർഹത.

വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തിലേയ്ക്ക് സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾക്കനുസൃതമായി ബൈട്രാൻസ്ഫർ മുഖേന അല്ലെങ്കിൽ നേരിട്ടുള്ള നിയമനം വഴി ഒഴിവ് നികത്തപ്പെടുമ്പോൾ, താൽകാലികമായി നിയമിച്ച ജീവനക്കാർ ഫീഡർ കാറ്റഗറിയിലേയ്ക്ക് തിരികെയെത്തുകയും ശമ്പളം റി-ഫിക്സ് ചെയ്യപ്പെടുകയും ടി ഉദ്യോഗസ്ഥർ താൽകാലിക നിയമനം ലഭിക്കാതെ തന്റെ ഫീഡർ കാറ്റഗറിയിൽ തുടർന്നിരുന്നെങ്കിൽ ലഭിക്കുമായിരുന്ന ശമ്പളവും ആനുകൂല്യവും നോഷണലായി കണക്കാക്കി ഫീഡർ കാറ്റഗറിയിലേയ്ക്ക് പുനഃ പ്രവേശിക്കുന്ന തീയതിയിൽ അനുവദിക്കുന്നതാണ്.

താൽക്കാലിക നിയമനം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും ചുമതല ഏറ്റെടുത്തതു സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
വനിത - ശിശു വികസന ഡയറക്ടർ

പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2) സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
3) എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
4) എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
5) പ്രോഗ്രാം മാനേജർ, നിർഭയ സെൽ.
6) സിഡിപിഒ, പാമ്പാടി/അടിമാലി അഡീ./വാമനപുരം അഡീ./കഞ്ഞിക്കുഴി/ഇത്തിക്കര/മൂവാറ്റുപുഴ.
7) ഐ.റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8) എഫ് സെക്ഷൻ.
9) സ്റ്റേക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്